(ബി) തിരുവനന്തപുരം സെൻട്രൽ ജയിലിൽ തടവുകാർ തമ്മിൽ ഒമ്പത് സംഘർഷങ്ങളുണ്ടാകുകയും തടവുകാർ ജീവനക്കാരെ ആക്രമിക്കാൻ ശ്രമിച്ച മൂന്ന് സംഭവങ്ങളും തിരുവനന്തപുരം ജില്ലാ ജയിലിൽ തടവുകാർ തമ്മിൽ എട്ടു സംഘർഷങ്ങളും തടവുകാർ സംഘടിച്ച് കലാപം സൃഷ്ടിക്കാൻ ശ്രമിച്ച ഒരു സംഭവവും തടവുകാരൻ സ്വയം മുറിവേൽപ്പിച്ച ഒരു സംഘർഷവും ഉണ്ടായിട്ടുണ്ട്.

ആലപ്പുഴ സ്പെഷ്യൽ സബ്ജയിലിൽ തടവുകാർ തമ്മിൽ ഒരു സംഘർഷവും വിയ്യൂർ സെൻട്രൽ ജയിലിൽ തടവുകാർ തമ്മിൽ ഒമ്പത് സംഘട്ടനങ്ങളും തടവുകാർ ജീവനക്കാരെ ആക്രമിച്ച രണ്ടു സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. കോട്ടയം സ്പെഷ്യൽ സബ് ജയിലിൽ 5-ഉം വിയ്യൂർ സബ്ജയിലിൽനിന്നും ഒന്നും തടവുകാർ തമ്മിലുള്ള സംഘട്ടനം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മൂവാറ്റുപുഴ സബ്ജയിലിൽ തടവുകാരൻ ഉദ്യോഗസ്ഥനെ ആക്രമിച്ച ഒരു കേസും കണ്ണൂർ സ്പെഷ്യൽ സബ് ജയിലിൽ തടവുകാർ ജീവനക്കാരെ മർദ്ദിച്ച ഒരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. തിരൂർ സബ് ജയിലിൽ തടവുകാർ തമ്മിൽ ഒരു സംഘട്ടനം ഉണ്ടായിട്ടുണ്ട്. കോഴിക്കോട് സ്പെഷ്യൽ സബ് ജയിലിൽ ജീവനക്കാരോട് തടവുകാർ തട്ടിക്കയറുകയും വാക്കേറ്റം നടത്തുകയും ചെയ്തിട്ടുണ്ട്. പൊൻകുന്നം സബ്ജയിലിൽ തടവുകാരൻ ഉദ്യോഗസ്ഥനെ മർദ്ദിച്ച ഒരു കേസും കോഴിക്കോട് ജില്ലാ ജയിലിൽ ഒൻപത് കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

പുതിയതായി അനുവദിച്ച ജയിലുകളും തസ്തികകളും

87(293) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ജയിലുകൾ പുതുതായി അനുവദിച്ചു ; മേഖല തിരിച്ചുള്ള കണക്ക് വിശദമാക്കുമോ :

(ബി) പുതുതായി അനുവദിച്ച ജയിലുകളിലെ സ്റ്റാഫ് പാറ്റേൺ എന്താണ് ; ഓരോ ജയിലിലും എത്ര ജീവനക്കാരെ അനുവദിച്ചു; മേഖല തിരിച്ച് വിശദമാക്കുമോ ;

(സി) കേരളത്തിലെ 3 സെൻട്രൽ ജയിലുകളിലടക്കം നിലവിലുള്ള ജയിലുകളിൽ എത്ര തസ്തിക പുതുതായി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ :

(ഡി) സംസ്ഥാനത്ത് എവിടെയെല്ലാം പുതിയ ജയിലുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ ;

(ഇ) ജയിൽ വകുപ്പിൽ ഹെഡ് വാർഡൻ തസ്തികയിൽ സംസ്ഥാന തലത്തിൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 9 ജയിലുകൾ

ഉത്തരമേഖല:

1. തുറന്ന ജയിൽ, ചീമേനി
2. സബ് ജയിൽ, ചിറ്റൂർ
3. സബ് ജയിൽ, ഹോസ് ദുർഗ്
4. വനിതാ ജയിൽ, കണ്ണൂർ
5. സ്പെഷ്യൽ സബ് ജയിൽ, കണ്ണൂർ.
6. സ്പെഷ്യൽ സബ് ജയിൽ, കോഴിക്കോട്.

മധ്യമേഖല:

7. സബ് ജയിൽ, വിയ്യൂർ
8. ജില്ലാ ജയിൽ,എറണാകുളം

ദക്ഷിണമേഖല:

9. സ്പെഷ്യൽ സബ് ജയിൽ, തിരുവനന്തപുരം.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) അനുബന്ധം 1-ൽ ചേർത്തിരിക്കുന്ന തസ്തികകൾ കൂടാതെ തിരുവനന്തപുരം, കൊല്ലം ജില്ലാ ജയിലുകളിൽ ഓരോ വെൽഫയർ ഓഫീസർ ഗ്രേഡ്-2 തസ്തിക കൂടി പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.

(ഡി) കണ്ണൂർ ജില്ലയിലെ ബോർസ്റ്റൽ സ്കൂൾ ജില്ലാ ജയിലാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പാലക്കാട്,മലപ്പുറം എന്നിവിടങ്ങളിൽ പുതിയ ജില്ലാ ജയിലുകൾ തുടങ്ങുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ഇ) നടപടി സ്വീകരിച്ചുവരുന്നു.

ജയിൽ ദിനത്തിനായി ചെലവഴിച്ച തുക

88(294) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇത്തവണത്തെ ജയിൽ ദിനത്തിൽ സംസ്ഥാനത്താകെ എത്ര അന്തേവാസികളാണ് പങ്കെടുത്തത് എന്ന് ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ :

(ബി) ഇതിനായി ജയിൽ വകുപ്പ് എത്ര സംഖ്യ ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly